പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **4685** **27. 06. 2014-** ലെ മറുപടി

ഗൾഫ് നാടുകളിലെ മലയാളികളുടെ പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. എ.കെ. ബാലൻ<br>ശ്രീ. എളമരം കരീം | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) ഗൾഫ് നാടുകളിലെ കുടിയേറ്റ ത്തൊഴിലാളികളുടെ സ്ഥിതിഗതികളെ ക്കുറിച്ച് നടത്തിയ പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ മലയാളികളുടെ പ്രശ്നങ്ങൾ നോർക്ക വകുപ്പ് വിലയിരുത്തുകയുണ്ടായിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഗൾഫ് മലയാളികൾ, വിശേഷിച്ച് താഴ്ന്നവരുമാനക്കാരായ സ്ത്രീകൾ ഉൾപ്പെടെയുള്ള തൊഴിലാളികൾ ഗൾഫ് നാടുകളിൽ നേരിടുന്ന പ്രയാസങ്ങൾ ലഘൂകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു? | (ബി) ഗൾഫ് മലയാളികൾ വിശേഷിച്ച് താഴ്ന്ന വരുമാന ക്കാരായ സ്ത്രീകളുടെ പ്രയാസങ്ങൾ ലഘൂകരിക്കുന്നതിനും സുരക്ഷിത കുടിയേറ്റം ഉറപ്പു വരുത്തുന്നതിനുമായി ജില്ലകൾ തോറും നോർക്ക-റൂട്ട്സിന്റെ നേതൃത്വത്തിൽ പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാമുകൾ സംഘടിപ്പിച്ചു വരുന്നുണ്ട്. വിദേശ തൊഴിലിനായി പോകുന്നതിന് മുമ്പ് ആവശ്യം അറിഞ്ഞിരിക്കേണ്ട കുടിയേറ്റ നിയമങ്ങൾ, വിസ തൊഴിൽ സംബന്ധിച്ച നിയമങ്ങൾ/ കരാറുകൾ, യാത്രസംബ ന്ധിച്ച നടപടി ക്രമങ്ങൾ, സാമ്പത്തിക കാര്യങ്ങളിൽ പ്രാഥ മികമായ അറിവ്, നിയമാനുസൃതമുള്ള നാണ്യവിനിമയം, വിദേശത്തെ ഭാഷയും സംസ്കാരവും, ആചാരമര്യാദകൾ തുടങ്ങിയ കാര്യങ്ങളിൽ, വിദേശത്ത് തൊഴിൽ തേടാനാഗ്ര ഹിക്കുന്നവരിൽ അവബോധം സൃഷ്ടിക്കുവാൻ ഈ ഏകദിന പരിശീലന പരിപാടിയിലൂടെ കഴിയുന്നുണ്ട്. ഇതിനു പുറമേ വിദേശതൊഴിൽകാംക്ഷികൾക്കായി |

തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനം നോർക്ക-റൂട്ട്സിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നുണ്ട്. വിദേശ തൊഴിൽകാംക്ഷികൾ വഞ്ചിതരാകാതിരിക്കുന്നതിന് വിസാ തട്ടിപ്പിനെതിരെയുള്ള ബോധവൽക്കരണ ക്യാമ്പെയിനുകളും പത്ര, ദൃശ്യ, ശ്രാവ്യ മാധ്യമങ്ങളിലൂടെ നോർക്ക-റൂട്ട്സിന്റെ ആഭിമുഖ്യത്തിൽ നടത്തി വരുന്നുണ്ട്. സുരക്ഷിത വിദേശതൊഴിലിനായി നോർക്ക വകുപ്പിന്റെ ജോബ് പോർട്ടലിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഗൾഫ് നാടുകളിൽ മലയാളികൾ തൊഴിൽ രംഗത്ത് പ്രശ്നങ്ങൾ നേരിടുന്നതായി വിവരം ലഭിച്ചാൽ അക്കാര്യം ഇന്ത്യൻ എംബസ്സികളുടെയും കേന്ദ്ര വിദേശകാര്യമന്ത്രാലയം, പ്രവാസികാര്യ മന്ത്രാലയം എന്നിവരുടെ ശ്രദ്ധയിൽ കൊണ്ടു വന്ന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ